"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിങ് വിഭാഗം - ജീവനക്കാര്യം - ഡെപ്യൂട്ടി ടൗൺ പ്ലാനർമാരുടെ - സ്ഥലംമാറ്റം - നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.426/2022/LSGD തീയതി,തിരുവനന്തപുരം, 23-02-2022

പരാമർശം:-
1. മുഖ്യ നഗരാസൂത്രകന്റെ 21.01.2022 തീയതിയിലെ TCPCTP/2911/2021-A3 നമ്പർ കത്ത്.
2. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. രഞ്ജിത്ത്.കെ.എസ്-ന്റെ 20.12.2021 തിയതിയിലെ അപേക്ഷ.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ.രഞ്ജിത്ത്.കെ.എസ് ടിയാന്റെ മകൻ അപകടത്തിൽ മരിച്ച സാഹചര്യത്തിൽ ടിയാൻ മാനുഷിക പരിഗണന വച്ച് വയനാട് ജില്ല നഗരാസൂത്രകന്റെ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിക്കുകയും അയത് മുഖ്യ നഗരാസൂത്രകൻ പരാമർശം 1 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനുഷിക പരിഗണന നല്കി പാലക്കാട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ.രഞ്ജിത്ത്.കെ.എസ്-നെയും വയനാട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ.സുരജ്.ടി.സി-യെയും പരസ്പരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

<u>പകർപ്പ്:</u>
മുഖ്യ നഗരാസൂത്രകൻ ,തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർ(മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/5/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ